വാൻ ജില്ലാ കളക്ടർ, പാലക്കാട് എൻ.ജി.ഒ. യൂണിയൻ സെക്രട്ടറിക്ക് നിബന്ധനകൾക്ക് വിധേയമായി അനുമതി നൽകിയെങ്കിലും, പ്രസ്തുത ഉത്തരവിലെ നടപടിക്രമ വീഴ്ച മനസ്സിലാക്കി പിന്നീട് റദ്ദു ചെയ്യുകയുണ്ടായി.

(ബി) ഉണ്ട്.

(സി) പൊതുമരാമത്ത് സ്പെഷ്യൽ ഗ്രേഡ് എക്സിക്യൂട്ടീവ് എഞ്ചിനീയർ സമർപ്പിച്ച പ്ലാനിൽ ഇൻഫർമേഷൻ ക്യാബിനുള്ള സ്ഥലവും മാർക്ക് ചെയ്തിട്ടുണ്ടായിരുന്നു.

(ഡി) ഇല്ല.

(ഇ) ബാധകമല്ല.

76 (656) മലന്തോട്ടം നിവാസികൾക്ക് പട്ടയം

ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുൽത്താൻ ബത്തേരി നിയോജക മണ്ഡലത്തിലെ മലന്തോട്ടം നിവാസികൾക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ;

(ബി) മലന്തോട്ടം നിവാസികൾക്ക് പട്ടയം നൽകുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിന് ആവശ്യമായ നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ)&(ബി) മലന്തോട്ടം നിവാസികൾക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നുവരുന്നു.

77 (657) പീലിക്കോട് വില്ലേജിൽ ഒരേക്കർ ഭൂമി സ്വകാര്യ വ്യക്തിക്ക് പതിച്ചു നൽകിയ നടപടി

ശ്രീ. കെ.പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിലെ പീലിക്കോട് വില്ലേജിൽ ഒരേക്കർ ഭൂമി സ്വകാര്യ വ്യക്തിക്ക് പതിച്ചു നൽകിയത് റദ്ദാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സ്ഥലം എം.എൽ.എ. നൽകിയ നിവേദനത്തെത്തുടർന്ന് സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

ഉത്തരം

തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിൽ പീലിക്കോട് വില്ലേജിൽ മഹേശ്വരിവുഡ് ഇൻഡസ്ട്രീസ് ഉടമ ശ്രീ. പി.പി. കുഞ്ഞിരാമന് റി.സ.നം.43/2എ-ൽപ്പെട്ട 41 സെന്റ് സ്ഥലം പാട്ടത്തിനു നൽകിയിട്ടുള്ളതാണ്. പ്രസ്തുത സ്ഥലമുൾപ്പെടെ ഒരേക്കർ സ്ഥലം പതിച്ചുനൽകുവാനുള്ള നിർദ്ദേശത്തിന്മേൽ അന്തിമ തീരുമാനം എടുത്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly